ഉത്തരം

(എ, ബി ആൻറ് സി) സംസ്ഥാനത്തെ മൊത്തത്തിലുള്ള ടൂറിസം വികസന പ്രവർത്തനങ്ങൾക്കായി ഒരു ടൂറിസം വികസന ഏജൻസി രൂപവൽക്കരിച്ചിട്ടില്ല. എന്നാൽ, കോവളത്തെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി "കോവളം വികസന ഏജൻസി" 11/94-ൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ പ്രധാന കർത്തവ്യം, കോവളം, അന്തർദേശീയ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ ഏകോപിതവും സമഗ്രവുമായ വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക എന്നതാണ്.

ടൂറിസവും സെഗ്മെൻറുകളും

73. [1855] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ടൂറിസം സെഗ്മെൻറുകളും ടൂറിസം കേന്ദ്രങ്ങളും ആയി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ മുതൽമുടക്കുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ടൂറിസം വികസനത്തിനായി മുതൽ മുടക്കുന്ന ഹോട്ടൽ ഉടമകൾ, ടൂർ ഓപ്പറേറർമാർ, ട്രാവൽ ഏജൻറുമാർ, മറ്റു സ്വകാര്യ വ്യക്തികൾ എന്നിവർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.

1. മൂലധനത്തിന്റെ 10 ശതമാനം (പരമാവധി 10 ലക്ഷം രൂപ) സബ്സിഡി.
2. വ്യവസായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കൽ.
3. പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനു സബ്സിഡി.
4. ജീവനക്കാരുടെ പരിശീലനത്തിന് ആനുകൂല്യങ്ങൾ.
5. ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പാ സൗകര്യങ്ങൾ.

താഴെ പറയുന്ന ഇനങ്ങൾക്കാണ് മേൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്.

1. ഒന്നുമുതൽ അഞ്ചുവരെയുള്ള സ്റ്റാർ ഹോട്ടലുകൾ.
2. അംഗീകാരമുള്ള ഹോട്ടലുകൾ.
3. അംഗീകാരമുള്ള റസ്റ്റാറൻറുകൾ.
4. സർക്കാർ അംഗീകാരമുള്ള അമ്യൂസ്മെൻറ് പാർക്കുകൾ.
5. റോപ്വേകൾ.
6. അംഗീകൃത ടൂർ ഓപ്പറേറർമാർക്കും ട്രാവൽ ഏജൻറുമാർക്കും കാറുകൾ, കോച്ചുകൾ, ബോട്ടുകൾ, വിമാനങ്ങൾ എന്നിവ വാങ്ങുന്നതിന്.
7. സർഫിംഗ്, സ്കിയിംഗ്, ഗ്ലയിഡിംഗ് ട്രക്കിംഗ് തുടങ്ങിയവ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

8. കൂത്തമ്പലം തുടങ്ങിയ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും, കളരിപ്പയറ്റ് തുടങ്ങിയ പ്രാചീന കലാരൂപങ്ങൾ അഭ്യസിപ്പിക്കുന്ന സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും.

9. ടൂറിസം പ്രാധാന്യമുള്ള ആയുർവേദകേന്ദ്രങ്ങൾ.

10. പുണ്ടൻ, ഇരുട്ടുകുത്തി, വെപ്പ്, കെട്ടുവള്ളം, ഹൗസ്ബോട്ടുകൾ എന്നിവ നിർമ്മിക്കുന്നതിന്.

11. സർക്കാർ അംഗീകാരമുള്ള കരകൗശല കേന്ദ്രങ്ങൾ.

വിനോദസഞ്ചാര കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം

74. [1856] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുവാൻ പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ ?

ഉത്തരം

ഓരോ പ്രദേശത്തിന്റേയും ടൂറിസ്റ്റാകർഷണങ്ങളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ, അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യത, ഗതാഗതസൗകര്യം, താമസസൗകര്യം മുതലായ ഘടകങ്ങളും കണക്കിലെടുക്കുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെയും ജോലി ലഭിച്ചവരുടെയും കണക്ക്

75. [1857] ശ്രീ. ഇ. ശങ്കരൻ :
,, സി.കെ. സദാശിവൻ :
,, എസ്. ശർമ്മ :
,, എ. പത്മകുമാർ :
,, എം. വിജയകുമാർ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ ഏറ്റവും ഒടുവിലത്തെ കണക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) 1995 സെപ്റ്റംബറിൽ കേന്ദ്ര സർക്കാരിന് നൽകിയ കണക്ക് പ്രകാരം സംസ്ഥാനത്തെ തൊഴിൽ രഹിതരുടെ എണ്ണം എത്രയാണ് ;

(സി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 30-9-1995 വരെ പേരു രജിസ്റ്റർ ചെയ്തിരുന്നവർ എത്രയായിരുന്നു ; ഇവരുടെ എണ്ണം 31-12-1995-ൽ എത്രയാണ് ;

(ഡി) ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും 1995-ൽ പേര് നീക്കം ചെയ്തവരെത്രയെന്നും പുതിയതായി പേര് രജിസ്റ്റർ ചെയ്തവരെത്രയെന്നും കാണിക്കുന്ന പട്ടിക മേശപ്പുറത്ത് വയ്ക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly